# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, കോഴിക്കോട്

ചുരുക്ക പട്ടിക നമ്പർ: 7/2009/DOD — കോഴിക്കോട്,
കാറ്റഗറി നമ്പർ: 31/2007 — 15.09.2009.

## <u>വിജ്ഞാപനം</u>

14.02.2007–ലെ ഗസറ്റ് വിജ്ഞാപന പ്രകാരം കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിൽ 3050 - 5230/– രൂപ (പി.ആർ) ശമ്പള നിരക്കിൽ **ഡ്രൈവർ ഗ്രേഡ്** II **(എച്ച്.ഡി.വി)** (തസ്തികമാറ്റം വഴിയുള്ള നിയമനം) തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ 31/2007) തെരഞ്ഞെടുപ്പിനായി 09.05.2008 തീയതിയിൽ നടത്തിയ ഒബ്ജക്ടീവ് (ഒ.എം.ആർ. മൂല്യനിർണ്ണയം) മാതൃകയിലുള്ള പരീക്ഷയുടെ (പൊതു പരീക്ഷ) അടിസ്ഥാനത്തിൽ പ്രായോഗിക പരീക്ഷക്ക് വിളിക്കപ്പെടാൻ സോപാധികമായി അർഹരാണെന്ന്കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ ചുരുക്ക പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പറുകൾക്ക് മുൻപിൽ **'D'** കൂടി ചേർത്ത് വായിക്കേണ്ടതാണ്.

## <u>പട്ടിക</u>

300003 300005 300006

കുറിപ്പ്:-
1. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ചുരുക്ക പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ പേര് ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.
2. അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് ചുരുക്ക പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനുശേഷമുള്ള അവകാശ വാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.
3. കമ്മീഷൻ നടത്തിയ പരീക്ഷയിൽ ഹാജരായ ഉദ്യോഗാർത്ഥികളിൽ യോഗ്യരായവരെ (സോപാധികമായി) ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ചുരുക്ക പട്ടിക തയ്യാറാക്കിയിട്ടുള്ളത്.
4. ചുരുക്കപട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ അതായത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ഓരോ കാറ്റഗറിയിലും ബാഡ്ജോടുകൂടിയ 3 വർഷത്തെ സാധുവായ ഡ്രൈവിംഗ് ലൈസൻസ്, സർക്കാർ സർവ്വീസ് – എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും, ശരിപ്പകർപ്പും പ്രായോഗിക പരീക്ഷയ്ക്ക് മുന്നോടിയായുള്ള സർട്ടിഫിക്കറ്റുകളുടെ പരിശോധനാ സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. ആവശ്യമായ പ്രമാണങ്ങളുടെ അസ്സൽ ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളെയും അപേക്ഷയിൽ മറ്റെന്തെങ്കിലും ന്യൂനതകൾ ഉള്ളതായി കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളെയും പ്രായോഗിക പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

5. പ്രയോഗിക പരീക്ഷയ്ക്കുള്ള തീയതി, സമയം, സ്ഥലം, എന്നിവ പിന്നീട് അറിയിക്കുന്നതാണ്. പ്രായോഗിക പരീക്ഷയ്ക്ക് നിശ്ചയിച്ചിട്ടുള്ള ദിവസം ഉദ്യോഗാർത്ഥികൾ കൃത്യസമയത്ത് സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്.

6. പ്രയോഗിക പരീക്ഷയ്ക്ക് വിളിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ തങ്ങളുടെ ശാരീരിക യോഗ്യതകളുടെ പൂർണ്ണ വിവരങ്ങൾ അടങ്ങിയ നിശ്ചിത മാതൃകയിലുള്ള അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് സർക്കാർ സർവ്വീസിൽ അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാതെയുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ നിശ്ചിത മാതൃകയിലുള്ള ഫോറം പ്രയോഗിക പരീക്ഷയ്ക്കുള്ള മെമ്മോയോടൊപ്പം അയച്ചു തരുന്നതാണ്.

7. നിലവിലുള്ള നടപടി ക്രമമനുസരിച്ച് ഉത്തരക്കടലാസ് പുന: പരിശോധന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ അനുവദിക്കുകയുള്ളൂ.

8. ഒ.എം.ആർ. ഉത്തരക്കടലാസിന്റെ സെറോക്സ് കോപ്പി ആവശ്യമുള്ള ഉദ്യോഗാർത്ഥികൾ **200 രൂപ** ഫീസ് **"0051 – PSC – 800 Other Receipts – 99 – Other Receipts"** എന്ന **Head of Account** –ൽ ഒടുക്കി **Original Chalan** സഹിതം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഉത്തരക്കടലാസിന്റെ (സ്വന്തം ഉത്തരക്കടലാസിന്റെ മാത്രം) പകർപ്പ്, ഒരു തവണ മാത്രം നൽകുന്നതാണ്. ഉത്തരക്കടലാസിന്റെ സെറോക്സ് കോപ്പി Registered Post–ൽ അയയ്ക്കുന്നതാണ്. ഉത്തരക്കടലാസുകളുടെ A, B ഭാഗങ്ങളുടെ കോപ്പികൾ നൽകുന്നതാണ്. തന്റേതല്ലാത്ത ഉത്തരക്കടലാസ് ആവശ്യപ്പെട്ടുവെന്ന് തെളിഞ്ഞാൽ അപേക്ഷകനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ന്യൂനത മൂലം അസാധുവാക്കപ്പെടുന്ന ഉത്തരക്കടലാസുകളുടെ പകർപ്പ് നൽകുന്നതല്ല.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

എസ്. വർദ്ധനൻ,
ജില്ലാ ആഫീസർ
കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, കോഴിക്കോട്.

വിതരണാനുമതി നൽകുന്നു.

സെക്ഷൻ ആഫീസർ

BKJ/doclt3